## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം : 1890** | **19-06-2012-ൽ മറുപടിക്ക്**

## വൈദ്യുതി നിരക്കു വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി . കെ. എസ്. സലീഖ** | | **ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)** | |
| (എ) | വൈദ്യുതി നിരക്കു വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിരക്കു വർദ്ധന എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇപ്രകാരം എത്ര തവണ വൈദ്യുതി നിരക്ക് കൂട്ടി; എപ്പോഴെല്ലാമെന്ന് വ്യക്ത മാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്ക് കൂട്ടിയിട്ടില്ല. |
| (സി) | നിലവിലുള്ള നിരക്കിൽ നിന്നും എത്ര ശതമാനം വർദ്ധന വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഇത് റഗുലേറ്ററി കമ്മീഷൻ എത്രയായി നിജപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ; | (സി) | ശരാശരി 10 ശതമാനം മുതൽ 30 ശതമാനം വരെ വർദ്ധനവിനാണ് 30.03.2012 ൽ വൈദ്യുതി ബോർഡ് സമർപ്പിച്ച താരിഫ് പെറ്റീഷനിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൻ മേൽ റെഗുലേറ്ററി കമ്മീഷൻ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. |
| (ഡി) | ഇപ്രകാരം നിരക്ക് കൂടുമ്പോൾ ഉപഭോക്താക്കളിൽ നിന്നും എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതിക്ഷി ക്കുന്നത്; | (ഡി) | പ്രസ്തുത നിർദ്ദേശമനുസരിച്ച് 1546.40 കോടി രൂപയുടെ അധിക വരുമാനമാണ് |

പ്രതീക്ഷിക്കുന്നത്.

(ഇ) 2002-ന് ശേഷം ആദ്യമായിട്ടാണ് വൈദ്യുതി നിരക്ക് കൂട്ടാൻ തീരുമാനിച്ചിരിക്കുന്നത് എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2002-ന് ശേഷം ആദ്യമായിട്ടാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന കാര്യം [illegible] സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻെറ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഗാർഹിക ഉപഭോക്താക്കൾക്ക് ഏതുനിരക്കിൽ ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്തുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്; അതുവഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്തുന്നത് ഗാർഹിക ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എഫ്) വിശദാംശങ്ങൾ താഴെ ഖണ്ഡികയിൽ ചേർത്തിരിക്കുന്നു.

| പ്രതിമാസ വൈദ്യുതി ഉപഭോഗം (യൂണിറ്റ്) | പ്രതിമാസഫിക്സഡ് ചാർജ്ജ (രൂപ) |
|---|---|
| 0-40 | 5 |
| 41 -50 | 15 |
| 81-120 | 30 |
| 121-150 | 40 |
| 151-200 | 50 |
| 201-300 | 60 |
| 301-500 | 80 |
| 500 യൂണിറ്റിന് മുകളിൽ | 90 |

ടി നിർദ്ദേശം വഴി 215.45 കോടി രൂപ അധികമായി സമാഹരിക്കാൻ കഴി യുമെന്ന് പ്രതീക്ഷിക്കുന്നു. രാജ്യത്ത് മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ഗാർഹിക ഉപഭോക്കൾക്ക് ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ട്. സം സ്ഥാനത്ത്, വൈദ്യുതി ഉപയോഗ ത്തിനനുസൃതമായിട്ടാണ് ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്താൻ നിർദ്ദേ ശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.